ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ

193 (560) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ ;

(ബി) ഇതുമൂലം 2015-16 സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ വിറ്റുവരവുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തിക വർഷം റിബേറ്റ് മുഖേന എത്ര തുക സംസ്ഥാനത്തിനകത്തുള്ള വിവിധ യൂണിറ്റുകൾക്ക് നൽകിയെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ഇനത്തിൽ കുടിശ്ശിക നിലവിലുണ്ടോ ?

ഉത്തരം

(എ&ബി) കേരള ഖാദിഗ്രാമവ്യവസായ ബോർഡ് ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നില്ല.

(സി) 2015-16-ൽ 22.13 കോടി രൂപ വിവിധ ഖാദി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. 2015-16-ലെ വിൽപ്പനയിന്മേലുള്ള റിബേറ്റ് കുടിശ്ശികയായിട്ടുണ്ട്.

സ്റ്റാർട്ടപ്പ് സംരംഭങ്ങൾ

194 (561) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12-5-2015-ലെ സ.ഉ.(കൈ) 14/2015/ഐ.ടി.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ യുവതി/യുവാക്കളെ ശാസ്ത്രസാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പോളിസിയാണ് കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ടപ്പ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly